**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 284 — 07.08.2017 ൽ മറുപടിക്ക്

**പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന നടപടി**

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് : | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി തിരഞ്ഞെടുക്കപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ സ.ഉ.(ആർ.ടി).845/2017/ആകുവ തീയതി 28.03.2017 പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. സ.ഉ.(എം.എസ്).75/2017/ആകുവ തീയതി 28.03.2017 പ്രകാരം ഡോക്ടർമാരുടേയും സ്റ്റാഫ് നഴ്സിന്റേയും ലാബ് ടെക്നീഷ്യന്റേയുമടക്കം 680 തസ്തികകൾ ടി സ്ഥാപനങ്ങളിൽ സൃഷ്ടിച്ചിട്ടുണ്ട്. ടി ആശുപത്രികളിൽ അടിസ്ഥാന സൗകര്യവികസനത്തിനായി 23 കോടി രൂപയുടെ വർക്കിംഗ് ഗ്രൂപ്പ് കഴിഞ്ഞു. ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ ഏതാനും പി.എച്ച്.സി.കൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തനക്ഷമമാകുന്നതാണ്. ശേഷിക്കുന്നവ 2018 മാർച്ച് 31-ന് മുമ്പ് പ്രവർത്തനക്ഷമമാക്കണമെന്ന് ഉദ്ദേശിക്കുന്നു. അതാത് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡന്റുമാർ, ഡോക്ടർമാർ, ഹെൽത്ത് വർക്കേഴ്സ്, ആരോഗ്യവകുപ്പ് ജീവനക്കാർ, സാമൂഹിക നീതി വകുപ്പ് ഉദ്യോഗസ്ഥർ അടങ്ങുന്ന പത്ത് പേർ വീതമുള്ള ഗ്രൂപ്പിന് കിലയിൽ വച്ച് പരിശീലനം നൽകി വരുന്നുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ കമ്പ്യൂട്ടറൈസ്ഡ് ഒ.പി രജിസ്ട്രേഷൻ, സ്വകാര്യതയുള്ള കൺസൽട്ടിംഗ് റൂമുകൾ, , രോഗികൾക്ക് |

| | | | |
|---|---|---|---|
| | | | മെച്ചപ്പെട്ട ഇരിപ്പിട സൗകര്യങ്ങൾ, കുടിവെള്ളം, ടോയിലറ്റ് സൗകര്യങ്ങൾ, എന്നിവയും കേന്ദ്രത്തിലേയ്ക്കാവശ്യമായ 'സൈനേജുകൾ' സ്വകാര്യതയോട് കൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ,, പബ്ളിക് അഡ്രസ്സിംഗ് സിസ്റ്റം, ആരോഗ്യ ബോധവത്ക്കരണത്തിനുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ തുടങ്ങിയവ ക്രമീകരിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ജീവിതശൈലീ രോഗങ്ങൾ അടക്കമുള്ള വിവിധ രോഗങ്ങളുടെ സമഗ്ര പ്രാഥമിക ആരോഗ്യ പരിചരണത്തിന് ഈ കേന്ദ്രങ്ങളെ സജ്ജമാക്കാനാണ് ലക്ഷ്യമിടുന്നത്. ഈ കേന്ദ്രങ്ങളിൽ സൗകര്യങ്ങൾ ഒരുക്കാനായി പദ്ധതിയിനത്തിൽ 23 കോടി രൂപയും ലാബ് സൗകര്യം ഒരുക്കുന്നതിന് 5 കോടി രൂപയ്ക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗുകൾ നടന്നു കഴിഞ്ഞു. ഇവ സജ്ജീകരിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (ബി) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം പഞ്ചായത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രം, കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) | കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം പ്രാഥമികാരോഗ്യ കേന്ദ്രത്തെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു മെഡിക്കൽ ഓഫീസറെയും, ലാബ് ടെക്നീഷ്യനേയും അധികമായി നിയമിച്ചിട്ടുണ്ട്. ഒരു സ്റ്റാഫ് നഴ്സിന്റെ ഒഴിവ് നികത്തുന്നതിനായി പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എം.എൽ.എ-യുടെ നേതൃത്വത്തിൽ ഇംപ്ളിമെന്റേഷൻ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനായി നിർമ്മിതി കേന്ദ്രവുമായി ധാരണയായിട്ടുണ്ട്. വെയിറ്റിംഗ് ഏരിയയുടെ നിർമ്മാണം പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ